**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2708** **12..02.2019-ലെ മറുപടി**

**കോങ്കയം കുടിവെള്ള പദ്ധതിയുടെ നവീകരണ പ്രവൃത്തികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.ഉബൈദുള്ള** | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) മലപ്പുറം മണ്ഡലത്തിലെ കോങ്കയം കുടിവെള്ള പദ്ധതിയുടെ നവീകരണ പ്രവൃത്തികൾ നടത്തുന്നതിന് പകരം കോഡൂർ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും ശുദ്ധജല വിതരണമെത്തിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുവാൻ കേരള വാട്ടർ അതോറിറ്റി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; അറിയിക്കാമോ;; | എ) | കോഡൂർ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ശുദ്ധീകരിച്ച വെള്ളം എത്തിക്കുന്നതിന് വേണ്ടി 17.79 കോടിയുടെ ഡീറ്റെയിൽ എഞ്ചിനീയറിംഗ് റിപ്പോർട്ട് (ഡി.ഇ.ആർ) കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.എന്നാൽ എം.എൽ .എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 1.52 കോടി രൂപയും മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 20 ലക്ഷം രൂപയും ഉപയോഗിച്ച് കോഡൂർ പഞ്ചായത്തിലെ വാർഡ് നമ്പർ 7,8,10,12,13,14,15,17,18 (ഭാഗികമായി) ലേക്ക് ശുദ്ധീകരിച്ച ജലം എത്തിക്കുന്നതിന് വേണ്ടി നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന ഒതുക്കുങ്ങൽ പൊന്മള പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിയിൽ നിന്നും പൈപ്പ് ലൈൻ ദീർഘിപ്പിച്ചിട്ടുണ്ട് . ഒതുക്കുങ്ങൽ പൊന്മള പദ്ധതി കമ്മീഷൻ ചെയ്യുന്നതോടു കൂടി ഈ പ്രദേശത്തേക്ക് ശുദ്ധജലം എത്തിക്കുവാൻ കഴിയും . |
| ബി) ഇക്കാര്യത്തിൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | ബി) | കോഡൂർ പഞ്ചായത്തിനായുള്ള പദ്ധതിയുടെ അനിവാര്യത സ്രോതസ്സിന്റെ പര്യാപ്തത, പദ്ധതി ഗുണഭോക്താക്കളുടെ വിവരം എന്നിവ സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് വാട്ടർ അതോറിറ്റിയുടെ പ്രോജക്ട് പ്ലാനിങ് ആൻറ് ഡിസൈൻ (പി.പി.ഡി) വിഭാഗവുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു |
| സി) മുപ്പത് വർഷത്തോളം പഴക്കമുള്ള കോങ്കയം കുടിവെള്ള പദ്ധതിയുടെ നവീകരണ ജോലികൾ ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കാമോ? | | നിലവിലുള്ള പദ്ധതിയുടെ നവീകരണം ഇപ്പോൾ പരിഗണനയിലില്ല. എന്നിരുന്നാലും ധനസ്രോതസ്സിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത നവീകരണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്. |

Renuka Sankar

**സെക്ഷൻ ഓഫീസർ**